DESPATCHED
On..11/2/22....

31/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 2634( 2)/2019/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 20124/എസ്.ഐ.സി-ജി 6/2019)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. അശ്വതി എസ്,
അമ്മു നിവാസ്, കടകംപള്ളി,
നെല്ലിമൂട്, ഇളമ്പ(പി.ഒ),
ആറ്റിങ്ങൽ, തിരുവനന്തപുരം - 695 103.
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം), പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, മ്യൂസിയം, നന്ദാവനം, വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം - 695 033.
2. അപ്പീൽ അധികാരി & അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, മ്യൂസിയം, നന്ദാവനം, വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം- 695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/07/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26/07/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23/10/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06/11/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06/12/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 07/12/2019 |
| ഹിയറിംഗ് നടന്ന തീയതി | 12/01/2022 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. അശ്വതി എസ് 06/12/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 07/12/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2634(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരി 06/07/2019-ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ടിയാൾ കേരള യൂണിവേഴ്സിറ്റി, സുവോളജി ഡിപ്പാർട്ട്മെന്റ് 4-ാം വർഷ റിസേർച്ച് വിദ്യാർത്ഥിനിയാണെന്നും, കേരള സർക്കാറിന്റെ ഇ-ഗ്രാന്റ്സ് ഫെലോഷിപ്പാണ് ടിയാൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നതെന്നും സർക്കാർ ഉത്തരവ് GO(MS)No.124/2010/SC.ST.DD Thiruvananthapuram dated 23/12/2010 പ്രകാരം യുജിസി/ഗേറ്റ്/നെറ്റ് യോഗ്യതാ പരീക്ഷ പാസ്സായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യുജിസി ഫെല്ലോഷിപ്പിന്റെ മൂല്യ ത്തിന് തുല്യമായ തുക ലഭിക്കുന്നതാണെന്നും ടിയാൾക്ക് 2013 വർഷം ജൂൺ സെഷനിൽ യു.ജി.സി നെറ്റ് യോഗ്യതാ പരീക്ഷ പാസ്സായതാണെന്നും ടി ഉത്തരവ് പ്രകാരം ടിയാൾക്കും യുജിസി ഫെല്ലോഷിപ്പിന് തുല്യമായ തുക ഫെല്ലോഷിപ്പായി ലഭിക്കുന്നതിനുള്ള യോഗ്യത യുണ്ടെന്നും, ഇതിൻ പ്രകാരം കഴിഞ്ഞുപോയ മൂന്നുവർഷത്തെ ഫെല്ലോഷിപ്പ്, കണ്ടിജന്റ് ഗ്രാന്റ്, എച്ച്ആർഎ എന്നിവയുടെ ലഭിക്കാനുള്ള ബാക്കി തുക(25%) കുടിശ്ശികയായും, ഇനി യുള്ള രണ്ടു വർഷത്തേയ്ക്കുള്ള തുക യുജിസി നിരക്കിന് തുല്യമായും ലഭിക്കുന്നതിനു വേണ്ടി അപേക്ഷ പട്ടികജാതി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർക്ക് മുന്നിൽ നേരിട്ട് സമർപ്പിച്ചിരുന്നുവെന്നും എന്നാൽ അപേക്ഷ സമർപ്പിച്ച് മൂന്നുമാസ കാലാവധി കഴിഞ്ഞെ ങ്കിലും, ഇതിൽ ഒരു വ്യക്തമായ രേഖാമൂലമുള്ള മറുപടിയോ അല്ലെങ്കിൽ ഇതിന്മേലുള്ള മേൽ നടപടി പുരോഗതിയെ കുറിച്ചോ ടിയാൾക്കു അറിവ് ലഭിച്ചിട്ടില്ല എന്നും ആയതിനാൽ ടിയാൾക്കു അർഹതപ്പെട്ട ഫെല്ലോഷിപ്പ്, കണ്ടിജന്റ്, എച്ച്.ആർ.എ-യും, കുടി ശ്ശിക തുകയും എന്നു ലഭിക്കുമെന്നും, ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി കൾ സ്വീകരിച്ചെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നതാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 26/07/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. ഹർജിക്കാരിയുടെ 23/10/2019-ലെ അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 06/11/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 24/01/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷക അപ്പീലിൽ പരാമർശിക്കുന്ന G.O(MS) 124/2010 SCSTDD dated 23.12.2010 എന്നത് GO(MS) No. 50/2009.SCSTDD dated 02/07/2009 എന്ന ഉത്തരവിന്റെ പാർട്ട് ബി (പ്രൊഫഷണൽ കോഴ്സുകൾ)-യ്ക്ക് അനുബന്ധമായി B(V). ആയി കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ എം.ഫിൽ, Phd. M.Tech. M.Lit എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന കേരളീയരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് UGC fellowship -ന്റെ മൂല്യത്തിന് തുല്യമായ തുക ചില നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്ന ഒരു ഭേദഗതി ഉൾപ്പെടുത്തികൊണ്ട് മാത്രമുള്ളതാണെന്നും, അപേക്ഷക പറയുന്ന പ്രകാരം GO(MS) No. 50/2009.SCSTDD dated 02/07/2009-ലെ സർക്കാർ ഉത്തരവിലെ B (Post Matric വിദ്യാഭ്യാസം) പിരിവിലെ VIII-ലെ നിബന്ധന മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം ഭേദഗതി നടത്തിയിട്ടില്ലെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷികളെ കേട്ടതിലും, 24/01/2022-ലെ രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ച് കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം **2022 ജനുവരി 31-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

AV

STATE INFORMATION COMMISSION ... THIRUVANANTHAPURAM